# 6

# “നാം യോജിച്ചു നിൽക്കണം!”

# ( 2:1- 4)

ഒരു രാജ്യത്തിലെ പൗരന്മാർക്കിടയിൽ ഭിന്നത ഉളവായാൽ അവർ വളരെ എളുപ്പത്തിൽ ശത്രുക്കൾക്കിരയാകും. സ്വർഗരാജ്യത്തിലെ പൗരന്മാർ വിഭജിക്കപ്പെട്ടാൽ, അവർ രാജാവിനു ലജ്ജ വരുത്തുന്നു എന്നു മാത്രമല്ല (1 കൊ. 1:10–13; ഗലാ. 5:19–21), എന്നാൽ അവർ “അലറുന്ന സിംഹം പോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു” ചുറ്റി നടക്കുന്ന “ശത്രുവിന്” ഇരയായി തീരുവാനിടയുണ്ട് (1 പത്രൊ. 5:8).

ഫിലിപ്പിയൻസ് എങ്ങനെ നടക്കണം എന്നു പൗലൊസ് തുടർന്നു പറയുകയാണ്. അദ്ധ്യായം 1 ന്റെ അവസാനവും അദ്ധ്യായം 2 ന്റെ ആരംഭവും യോജിപ്പിച്ചുകൊണ്ടാണ് “ആകയാൽ” എന്നു പറഞ്ഞിരിക്കുന്നത്. ആദ്യത്തെ നാല് വാക്യങ്ങൾ ഐക്യതക്ക് ഊന്നൽ കൊടുക്കുന്നു.

എതിരാളികളാൽ ഒന്നിലും കുലുങ്ങി പോകാതെ ഉറച്ചു നിൽക്കുവാനാണ് പൗലൊസ് 1:27–30 ൽ പ്രബോധിപ്പിച്ചിരിക്കുന്നത്. സഹ ക്രിസ്ത്യാനികളിൽനിന്നു ശക്തി സംഭരിച്ച് ഭയപ്പെടാതെയും ഇളകാതെയും ഉറപ്പുള്ളവരായി നിലനിൽക്കുവാനാണ് ഇപ്പോൾ അദ്ധ്യായം 2 ന്റെ ആരംഭത്തിൽ ഊന്നി പറയുന്നത്. അവർ ആകേണ്ടതുപോലെ ആകുവാൻ യോജിച്ചു നിൽക്കണമായിരുന്നു.

### ആത്മാവിൽ ഐകമത്യപ്പെടുക
### (2:1, 2)

**1ക്രിസ്തുവിൽ വല്ല പ്രബോധനവും ഉണ്ടെങ്കിൽ, സ്നേഹത്തിന്റെ വല്ല ആശ്വാസവും ഉണ്ടെങ്കിൽ, ആത്മാവിന്റെ വല്ല കൂട്ടായ്മയും ഉണ്ടെങ്കിൽ, വല്ല ആർദ്രതയും മനസലിവും ഉണ്ടെങ്കിൽ, 2നിങ്ങൾ ഏക മനസുള്ളവരായി ഏകസ്നേഹം പൂണ്ട് ഐകമത്യപ്പെട്ട് ഏകഭാവമുള്ളവരായി ഇങ്ങനെ എന്റെ സന്തോഷം പൂർണ്ണമാക്കുവിൻ.**

**വാക്യം 1.** ചർച്ച ചെയ്യുന്ന വിഷയത്തിന്റെ പ്രാധാന്യത്തെ കാണിക്കുവാനായി സാഹിത്യ പ്രയോഗത്തോടെയാണ് അദ്ധ്യായം ആരംഭിക്കുന്നത്. താഴെ കൊടുക്കുന്ന നിബന്ധനകളുമായി ബന്ധപ്പെടുത്തിയോ അല്ലാതെയോ സാധാരണ *എങ്കിൽ* എന്ന വാക്ക് ഉപയോഗിക്കും. പൗലൊസ് അത്തരത്തിലല്ല ആ വാക്ക് ഇവിടെ ഉപയോഗിച്ചിരിക്കുന്നത്. മറിച്ച്, പ്രത്യേക സത്യങ്ങളെ ആലങ്കാരികമായി പറയുന്നതിന് ദൈവശ്വാസിയ ഊന്നൽ കൊടുത്തുകൊണ്ടാണ്. “എങ്കിൽ” എന്നതിനു പകരം “ആകയാൽ” എന്ന വാക്ക് ഉപയോഗിച്ചാലും അർത്ഥവ്യത്യാസം വരുന്നില്ല.

പൗലൊസ് പെട്ടെന്ന് അസംഖ്യം ഗുണങ്ങളിലേക്കാണ് തിരിയുന്നത്. ആ ഗുണങ്ങൾ ക്ഷണികങ്ങളായിട്ടാണ് പറഞ്ഞിരിക്കുന്നത്, എന്നാൽ ഇത്തരത്തിലല്ലാതെ യേശുവിലുള്ള അനുഗ്രഹങ്ങളെ ചുരുക്കി പറയുക പ്രയാസമായി

രിക്കും:

**ക്രിസ്തുവിൽ ഉള്ള പ്രബോധനം**: "പ്രബോധനം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *പാരാക്ലെസിസ്* ആണ്, അക്ഷരികമായ അർത്ഥം സഹായത്തിനായി "വശത്തേക്ക് വിളിക്കൽ." അതിനെ "ഗുണദോഷിക്കൽ" (ഏഎസ്‌വി), "ആശ്വാസം" (കെജെവി) എന്നും തർജിമ ചെയ്യാം. എൻസിവിയിൽ ചോദ്യമായിട്ടാണ്, "ക്രിസ്തുവിലുള്ള നിങ്ങളുടെ ജീവിതം ശക്തിപ്പെടുന്നില്ലേ?"

**സ്നേഹത്തിന്റെ ആശ്വാസം**: "ആശ്വാസം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *പാരാമുതിയോൺ* ആണ്, "പ്രബോധനം" എന്നതിനുപയോഗിച്ച അതേ വാക്ക് തന്നെയാണ് ഉപയോഗിച്ചിരിക്കുന്നത് (*പാരാക്ലെസിസ്*). അതിനെ "ആശ്വാസം" എന്നും തർജിമ ചെയ്യാം (കെജെവി; എൻഐവി) അല്ലെങ്കിൽ "പ്രോൽസാഹനം" (ആർഎസ്‌വി), എൻസിവിയിൽ മറ്റൊരു ചോദ്യമായി കൊടുത്തിരിക്കുന്നു: "അവന്റെ സ്നേഹം നിങ്ങളെ ആശ്വസിപ്പിക്കുന്നില്ലേ?"

**ആത്മാവിന്റെ കൂട്ടായ്മ**: "ആത്മാവ്,"*പ്ന്യൂമാ*, എന്നു പറയുന്നത് ഒന്നുകിൽ മനുഷ്യാത്മാവ് അല്ലെങ്കിൽ പരിശുദ്ധാത്മാവ് ആണ്. മൂല ഗ്രന്ഥത്തിൽ "ആത്മാവ്" എന്ന വാക്കിനു മുൻപ് ഡെഫനിറ്റ് ആർട്ടിക്കിൾ ("ദ") ഇല്ലാത്തതിനാൽ അവിടെ പറഞ്ഞിരിക്കുന്നത് മനുഷ്യാത്മാവാണെന്ന് ചിലർ കരുതുന്നു. എങ്ങനെയായാലും, അറിയപ്പെടുന്ന മിക്ക ഇംഗ്ലീഷ് തർജിമകളിലും "സ്പിരിറ്റ്" എന്ന വാക്കിന്റെ "എസ്" വലിയ അക്ഷരത്തിൽ ഉപയോഗിച്ച് അത് "പരിശുദ്ധാത്മാവിനെ" ആണ് പറയുന്നത് എന്നു സൂചിപ്പിച്ചിരിക്കുന്നു (കെജെവി; എൻകെജെവി; ഏഎസ്‌വി; എൻ ഏഎസ്ബി; ആർഎസ്‌വി; എൻഐവി). അത്ശരി ആണെന്ന് കരുതിയാൽ, "ആത്മാവിന്റെ കൂട്ടായ്മ" എന്ന പ്രയോഗം സൂചിപ്പിക്കുന്നത് "ആത്മാവോടുകൂടിയ കൂട്ടാ–യ്മ" ആയിട്ടാണ് (എൻഐവി നോക്കുക), അല്ലെങ്കിൽ "ആത്മാവ് നിമിത്തം നാം അനുഭവിക്കുന്ന കൂട്ടായ്മ." രണ്ട് വ്യാഖ്യാനത്തിനും സാധ്യതയുണ്ട്. രണ്ടും പ്രധാനപ്പെട്ട സത്യങ്ങളെ വെളിപ്പെടുത്തുകയും ചെയ്യുന്നു. എന്നാൽ ഇവിടെ കൂടുതൽ യോജിക്കുന്നത് രണ്ടാമത്തേതാണ്. നാം സ്നാനം ഏൽക്കുമ്പോൾ, നമുക്ക് എല്ലാവർക്കും ദൈവത്തിന്റെ ആത്മാവിനെ നമുക്ക് ദാനമായി ലഭിക്കുന്നു (പ്രവൃ. 2:38), അത് നമ്മെ ഒന്നാക്കി തീർക്കുന്നു (1 കൊ. 12:13). റിച്ചാർഡ് ബി. ഗഫിൻ. ജൂനിയർ., തീർച്ചയാക്കിയത് "ആത്മാവിനാലാണ് വിശ്വാസികൾക്കിടയിൽ കൂട്ടായ്മ ലഭിക്കുന്നത്, ആത്മാവ് ഓരോരുത്തരിലും വസിക്കയും ചെയ്യുന്നു [2 കൊ. 13:14 നോക്കുക]."[1]

**വികാരവും മനസലിവും**: ദൈവസ്നേഹത്തെ അറിഞ്ഞവരാണ് മറ്റുള്ളവരെ സ്നേഹിക്കേണ്ടത് (1 യോഹ. 4:11; കൊലൊ. 3:12). ഫിലിപ്പിയർക്ക് "വികാരവും മനസലിവും" ലഭിച്ചിരുന്നോ? ഉവ്വ്, അവർക്ക് ലഭിച്ചിരുന്നു (ഫിലി. 1:8).

നമുക്ക് ഉള്ളതുപോലെ ആ ത്മിയമായ എല്ലാ അനുഗ്രഹങ്ങളും ഫിലിപ്പി

യർ ആസ്വദിച്ചിരുന്നു. ക്രിസ്തുവിലുള്ള അനുഗ്രഹങ്ങളെ നാം നിസാരമായി കാണരുത്.

**വാക്യം 2**. അത്തരത്തിൽ ഫിലിപ്പിയർ അനുഗ്രഹിക്കപ്പെട്ടവരാകയാൽ അപ്പൊസ്തലൻ അവരോട് ആവശ്യപ്പെടുന്നത്, **എന്റെ സന്തോഷം പൂർണ്ണ മാക്കുവിൻ**. ഫിലിപ്പിയയിലുള്ളവർ അവനെ സന്തോഷിപ്പിച്ചിരുന്നു (1:3, 4; 4:1); ഫലത്തിൽ, അവൻ ഇപ്പോൾ പറഞ്ഞത്, "ആ സന്തോഷത്തോട് ഇനി യും കൂട്ടിച്ചേർക്കുക." "പൂർണ്ണ ... മാക്കുക" എന്നതിനുപയോഗിച്ച ഗ്രീക്ക് വാക്ക് *പ്ലേരൂ* ആണ്, അർത്ഥം "പൂരിപ്പിക്കുക"[2]; കെജെവിയിൽ "നിറവേറ്റുക" എന്നാണ് ("മുഴുവൻ നിറക്കുക"). ജെ. ബി. ലൈറ്റ്ഫുട്ടിന്റെ വെർഷനിൽ "എന്റെ സന്തോഷത്തിന്റെ പാത്രം നിറഞ്ഞു കവിയട്ടെ."[3]

പൗലൊസിന്റെ ഹൃദയത്തെ സന്തോഷിപ്പിക്കുന്നത് എന്താണ്? ഫിലി പ്പിയർ സമാധാനത്തിലും ഐക്യതയിലുമാണ് എന്നു കേൾക്കുന്നതത്രെ: **ഏക മനസിൽ** ആയിരുന്ന് [അക്ഷരികമായി, "ഒന്നു തന്നെ ചിന്തിച്ച്"], **ഒരേ സ്നേഹത്തിൽ ആയിരുന്ന്, ആത്മാവിന്റെ ഐക്യതയിൽ ഏക ഉദ്ദേശ ത്തിൽ** ആയിരുന്നു എന്റെ സന്തോഷം പൂർണ്ണമാക്കുക, [അക്ഷരികമായി "ഒരേ ആത്മാവിൽ" ആയിരിക്കണം] [അക്ഷരികമായി ഒന്നു തന്നെ ചിന്തി ക്കണം]. 1:27–ൽ ഉപയോഗിച്ച വാക്ക് തന്നെയാണ് ഇവിടെയും ഉപയോഗി ച്ചിരിക്കുന്നത്. ശ്രദ്ധയിൽ അവർ ഐകമത്യപ്പെടുവാനും (ചിന്തയിൽ, "ഏക മനസുള്ളവരായിരിക്കുക") *ഏകഭാവമുള്ളവർ* ആകുവാനുമാണ് ("ആത്മാ വിന്റെ ഐക്യതയിൽ") ആവശ്യപ്പെടുന്നത്. എങ്ങനെയായാലും അവൻ ഇവിടെ രണ്ടു മൂലകങ്ങൾ ചേർത്തിരിക്കുന്നു: അവർ *വികാരത്തിലും* ("ഒരേ സ്നേഹത്തിൽ ആയിരിക്കുവാൻ"), ഒരേ *ലക്ഷ്യത്തിൽ* ഐകമത്യപ്പെടുവാനു ം (ഒരേ ഉദ്ദേശത്തിൽ) അവൻ ആഗ്രഹിച്ചു. ഫിലിപ്പിയർ ഏക ഹൃദയത്തിലും, ഏക മനസിലും, ഏക ജീവിതത്തിലും ആകുവാൻ പൗലൊസ് ആഗ്രഹിച്ചു. വാക്യം 2 ൽ ആവശ്യപ്പെടുന്നത് വാക്യം 1 ൽ പറഞ്ഞവയുമായി ഓർപ്പിക്കു കയാണെന്ന് എഴുത്തുകാർ നിരീക്ഷിച്ചു:

"ക്രിസ്തുവിൽ പ്രബോധനം" ഉള്ളതിനാൽ (വാ. 1), "ഏകമനസുള്ളവർ ആകുക" (വാ. 2).
"സ്നേഹത്തിന്റെ ആശ്വാസം" ഉള്ളതിനാൽ (വാ. 1), "ഒരേ സ്നേഹം ഉള്ളവരാകുക" (വാ. 2).
"ആത്മാവിന്റെ കൂട്ടായ്മ" ഉള്ളതിനാൽ (വാ. 1), "ആത്മാവിൽ ഐക മത്യപ്പെടുക" (വാ. 2).
"ആർദ്രതയും മനസലിവും" ഉള്ളതിനാൽ (വാ. 1), "ഏക ഭാവം ഉള്ള വർ ആകുവിൻ" (വാ. 2).

ഐക്യത വിലയേറിയ ഗുണം ആണ്–ക്രിസ്തുവിന്റെ നാമത്തിൽ അത് സുപ്രധാനവുമാണ്. ദൈവം തന്നെ അയച്ചു എന്നു ലോകം വിശ്വസിപ്പാൻ അവന്റെ അനുയായികളെല്ലാം "ഒന്നാകുവാൻ" ക്രിസ്തു പ്രാർത്ഥിച്ചിരുന്നു (യോഹ. 17:21, 23). ഒന്നിക്കുന്നതിന്റെ ശക്തിയെ സഭാപ്രസംഗി വിവരിക്കു ന്നുണ്ട്: "ഒരുത്തനെ ആരെങ്കിലും ആക്രമിച്ചാൽ രണ്ട് പേർക്കു അവനോട് എതിർത്തുനിൽക്കാം; മുപ്പിരിച്ചരട് വേഗത്തിൽ അറ്റുപോകയില്ല" (സഭാ. 4:12). "സഹോദരന്മാർക്കിടയിൽ വഴക്കുണ്ടാക്കുന്നവനെ ദൈവം വെറുക്കുന്നു"

(സദൃ. 6:19). ഐക്യത്തിന്റെ അനുഗ്രഹത്തെ കുറിച്ചും ഭിന്നതയുടെ ശാപത്തെ കുറിച്ചും പറയുന്ന മറ്റു വേദഭാഗങ്ങൾ ഉൽപത്തി 14:8; റോമർ 15:5; 16:17; 1 കൊരിന്ത്യർ 1:10; ഗലാത്യർ 5:19–21; എഫെസ്യർ 4:1–6 നോക്കുക.

ചിലർ ഐക്യതക്ക് എതിരായി പ്രത്യേകിച്ച് പ്രസംഗത്തിലും ഉപദേശത്തിലും സംസാരിക്കുവാൻ ഫിലിപ്പിയർ 1:27 ഉം 2:2 ഉം എടുത്ത് ഉപയോഗിക്കും. "ഐകരൂപ്യമല്ല ഐക്യത" എന്നു പൊതുവിൽ പറഞ്ഞു കേൾക്കാറുണ്ട്. നാം എല്ലാവരും വ്യത്യസ്തരാണ് എല്ലാ കാര്യവും നമുക്കു യോജിക്കുവാൻ കഴിയുകയില്ല എന്നതും വാസ്തവമാണ്. എന്നിരുന്നാലും അടിസ്ഥാനപരമായ ഐക്യത ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ കാലത്ത് പലപ്പോഴും കേട്ടിട്ടുള്ള ഒരു മുദ്രാവാക്യം ആണ് "വിശ്വാസകാര്യത്തിലും, ഐക്യതയിലും, അഭിപ്രായത്തിലും, സ്വാതന്ത്ര്യത്തിലും", എല്ലാ കാര്യത്തിലും ചാരിറ്റി [അതായത് സ്നേഹം] ആണ് വേണ്ടത്."[4] "വിശ്വാസ കാര്യം ബൈബിളിൽ വ്യക്തമായി പഠിപ്പിച്ചിരിക്കുന്നു എന്നു നാം മനസിലാക്കണം (റോമർ. 10:17 നോക്കുക). അവയിൽ നാം ഐതമത്യപ്പെടണം. "അഭിപ്രായത്തിന്റെ കാര്യത്തിൽ" തീർച്ചയുള്ള ഒരു പ്രസ്താവന ബൈബിളിൽ കാണുകയില്ല. ആ കാര്യങ്ങളിൽ നമുക്ക് വിയോജിക്കാം–വിയോജിപ്പ് മറ്റുള്ളവരിൽ അടിച്ചേൽപിക്കാതിരിക്കുന്നേടത്തോളം കുഴപ്പമില്ല. സഹോദരന്മാർക്കിടയിൽ ചില പ്രത്യേക ഉപദേശം "വിശ്വാസ കാര്യമാണോ" അതോ "അഭിപ്രായ കാര്യമാണോ" എന്ന കാര്യത്തിലും വിയോജിപ്പ് ഉണ്ടായിട്ടുണ്ട്. എന്നാൽ ആ മുദ്രാവാക്യത്തിൽ പറഞ്ഞതുപോലെ, ചിന്തയിലും ഉപദേശത്തിലും അടിസ്ഥാനപരമായ ഐക്യത ഉണ്ടായിരിക്കണം. ഏതു കാര്യവും, തീർച്ചയായും സ്നേഹത്താൽ പ്രചോദിതമായിരിക്കണം.

## നിസ്വാർത്ഥതയിൽ ഉള്ള ഐക്യത
## (2:3, 4)

**3ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യാതെ താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ. 4ഓരോരുത്തൻ സ്വന്ത ഗുണമല്ല, മറ്റുള്ളവന്റെ ഗുണവുംകൂടെ നോക്കേണം.**

**വാക്യം 3, 4.** ഈ വാക്യങ്ങളിൽ പൗലൊസ് നിസ്വാർത്ഥതക്കാണ് ഊന്നൽ നൽകിയിരിക്കുന്നത്. അവന്റെ നിർദ്ദേശങ്ങൾ അനുസരിക്കുവാൻ പ്രയാസമാണ്–എന്നാൽ അവ ഒഴിച്ചുകൂടാൻപറ്റാത്തവയാണ്. **ശാഠ്യത്താലോ ദുരഭിമാനത്താലോ ഒന്നും ചെയ്യരുത്.** 1:17–ൽ "സ്വാർത്ഥമോഹത്തിന്" ഉപയോഗിച്ചിരിക്കുന്ന അതേ വാക്കാണ് ഇവിടെ "ശാഠ്യം" എന്ന വാക്കിന് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്, *എരിതെയിയാ*. കയ്പുണ്ടായാൽ പോലും ശിഷ്യന്മാരെ ഉണ്ടാക്കുവാനുള്ള ശ്രമത്തെയാണ് ഇവിടെ പറയുന്നത്. നിർഭാഗ്യവശാൽ, സഹോദരന്മാർക്ക് "വേല അഭിവൃദ്ധിപ്പെടുത്താതെ തങ്ങളെ തന്നെ അഭിവൃദ്ധിപ്പെടുത്തുവൻ കഴിയും."[5] "ശാഠ്യം" എന്നതിനോട് ചേർത്ത് പറഞ്ഞിരിക്കുന്നതാണ് "ദുരഭിമാനം." എൻസിവിയിൽ ഇതിനെ"നിഗളം" എന്നാണ് പറഞ്ഞിരിക്കുന്നത്. ആ പ്രയോഗം തർജിമ ചെയ്തിരിക്കുന്നത് സംയുക്ത ഗ്രീക്ക് വാക്ക് *കെനോഡോക്സിയ* ആണ്, അർത്ഥം, "ശൂന്യമായ മഹത്വം."

ഒരാളുടെ ഉദ്ദേശം സ്വയം പുകഴ്ച്ച നേടുക എന്നാണെങ്കിൽ, അവസാനം ആ "പുകഴ്ച്ച" ഉപയോഗമില്ലാത്തതും ശൂന്യവുമാകും.

സ്വാർത്ഥതക്കും നിഗളത്തിനും ഉള്ള പ്രതിവിധി എന്താണ്? പൗലൊസ് തുടരുന്നു, **താഴ്മയോടെ ഓരോരുത്തൻ മറ്റുള്ളവനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ**. ഗ്രീക്കുകാർ താഴ്മക്കു ഒരു വിലയും കൽപിച്ചിരുന്നില്ല. ആ വാക്കിന്റെ നാമവിശേഷണം ആയി വിവരിക്കുന്നത് "ഒരു അടിമയുടെ ... മനോഭാവത്തെയാണ് ചിത്രീകരിക്കുന്നത്, ആശയം എന്തെന്നാൽ, അയോഗ്യൻ, ജീർണ്ണിച്ച ... ഒരു വിവരവുമില്ലാത്ത."[6] "താഴ്മ" എന്ന് കേൾക്കുമ്പോൾ അന്യദേവന്മാരെ നമസ്ക്കരിക്കുന്നവർക്ക് ഭയമാണുണ്ടാകുന്നത്. എങ്ങനെയായാലും, പുതിയ നിയമ എഴുത്തുകാർ താഴ്മയെ–ഗുണമായിട്ടാണ്–നല്ല ഗുണങ്ങളിൽ ഒന്നായിട്ടാണ് കാണുന്നത്. പത്രൊസ് എഴുതി,

> ... അവ്വണ്ണം ഇളയവരേ, മൂപ്പന്മാർക്ക് കീഴടങ്ങുവിൻ. എല്ലാവരും തമ്മിൽ തമ്മിൽ കീഴടങ്ങി താഴ്മ ധരിച്ചുകൊൾവിൻ. ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നു. താഴ്മയുള്ളവർക്കോ കൃപ നൽകുന്നു.
>
> അതുകൊണ്ട് അവൻ തക്ക സമയത്ത് നിങ്ങളെ ഉയർത്തുവാൻ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പിൻ (1 പത്രൊ. 5:5, 6).

താഴ്മയുള്ളവരാകുക എന്നാൽ എന്താണ്? നമ്മുടെ സംസാരത്തിലും പെരുമാറ്റത്തിലും നാം മാന്യതയുള്ളവരാകണം എന്നു പറയുന്നു. "ഭാവിക്കേണ്ടതിന്നു മീതെ ആരും ഭാവിച്ച് ഉയരരുത്" എന്ന പൗലൊസിന്റെ പ്രബോധനത്തെ കുറിച്ചു നമുക്ക് ചർച്ച ചെയ്യാൻ കഴിയും (റോമർ 12:3). ആ പ്രയോഗത്തിന്റെ താഴെ പറയുന്നതായിരിക്കാം നല്ല നിർവ്വചനം, ഫിലിപ്പിയർ 2:3, 4 ലെ "താഴ്മയുള്ള മനസ്": "താഴ്മയോടെ ഓരോരുത്തൻ മറ്റൊരുത്തനെ തന്നേക്കാൾ ശ്രഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ; ഓരോരുത്തൻ സ്വന്ത ഗുണമല്ല, മറ്റുള്ളവന്റെ ഗുണം കൂടെ നോക്കേണം."

തെറ്റിദ്ധരിക്കപ്പെട്ട വാക്കാണ് "താഴ്മ." അപ്രകാരം ആകുന്നത് ഒരു വിലയുമില്ലാതെ ആക്കുന്നതാണ് എന്നാണ്. അത് വാസ്തവമല്ല. വളരെ താഴ്മയുള്ള ആളായിരുന്നു മോശെ (സംഖ്യാ. 12:3), പക്ഷെ അവൻ ഒരിക്കലും തന്നെ വിലയില്ലാത്തവനായി കരുതിയിരുന്നില്ല. യേശു തന്നെകുറിച്ച് പറഞ്ഞത്, "സൗമ്യതയും താഴ്മയും ഉള്ളവൻ" എന്നാണ് (മത്താ. 11:29; ഫിലി. 2:8 നോക്കുക), കൂടാതെ തനിക്കു പിതാവ് നൽകിയ തേജസിനെ കുറിച്ചും അവൻ പറഞ്ഞിരിക്കുന്നു (യോഹ. 17:22; ഫിലി. 2:11 നോക്കുക). സ്വയം കുറഞ്ഞവനാണെന്നു കരുതി യജമാനൻ സമയം പാഴാക്കിയിരുന്നില്ല.

താഴ്മ എന്നു പറയുന്നത് സ്വയം–വില കുറക്കുന്നതല്ല, പിന്നെയോ *സ്വയം-മറക്കുന്നതാണ്*. അയാൾ തന്നെ കുറിച്ച് മോശമായി ചിന്തിക്കുന്നില്ല; അത് തന്നെ കുറിച്ച് അൽപം ചിന്തിച്ച് മറ്റുള്ളവരെ കുറിച്ച് അധികമായി ചിന്തിക്കുന്നതാണ്. 2:1–4 നു ശേഷം വരുന്ന വാക്യങ്ങളിൽ, താഴ്മയുടെ ഉയർന്ന ഒരു മാതൃക പൗലൊസ് നൽകിയിരിക്കുന്നു: യേശു. നമ്മുടെ ആവശ്യങ്ങളെ കുറിച്ച് ഏറ്റവും കരുതലുണ്ടായിരുന്ന ക്രിസ്തു സ്വയം മറന്നു, ഭൂമിയിലേക്ക് വന്നു നമുക്ക് വേണ്ടി മരിച്ചു (2:5–8). തന്റെ വായനക്കാരെ ഒരേ "മനസ്" ഉള്ളവരാകുവാൻ പൗലൊസ് വെല്ലുവിളിച്ചു (2:5; കെജെവി). ആർ. സി. ബെൽ പറഞ്ഞു, "താഴ്മയുള്ള മനസുള്ളവർക്ക് മാത്രമെ ഒരേ–മനസുള്ളവരാകുവാൻ

കഴിയു."[7]

വാക്യം 3 ന്റെ അവസാനഭാഗം മനസിലാക്കുവാൻ ചിലർക്ക് പ്രയാസം നേരിടുന്നു: "ഓരോരുത്തൻ മറ്റൊരുത്തനെ തന്നേക്കാൾ ശ്രേഷ്ഠൻ എന്നു എണ്ണിക്കൊൾവിൻ." "തന്നേക്കാൾ" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് സംയുക്ത വാക്ക് *ഹുപെരെക്കോ* യോജിപ്പിച്ചിരിക്കുന്നത് *ഹുപെർ* ("മുകളിൽ") എന്നും *എക്കോ* ("കരുതുക") എന്നുമാണ് . അക്ഷരികമായി "മുകളിൽ കരുതുക" എന്നാണ്. ആലങ്കാരികമായി, അതിന്റെ അർത്ഥം "മികച്ചവനായി, ഉയർന്നവനായി കാണുക."[8] നിലവാരമുള്ള മിക്ക തർജിമകളിലും "ശ്രേഷ്ഠൻ" എന്നാണ് (കെജെവി; എൻകെജെവി; ഏഎസ്‌വി; എൻഐവി; ആർഎസ്‌വി). നാം ഇതിനെ കുറിച്ച് വിചാരിക്കുന്നത് "വിപുലീകരിച്ച രണ്ടാമത്തെ കൽപനയായിട്ടാണ്." "കൂട്ടുകാരനെ നിന്നെപോലെ തന്നെ സ്നേഹിക്കുക" (മത്താ. 22:39). "വിപുലീകരിച്ച രണ്ടാമത്തെ മഹത്തായ ആജ്ഞ" പറയുന്നത് "കൂട്ടുകാരനെ നിന്നേക്കാൾ *ശ്രേഷ്ഠനായി* സ്നേഹിക്കുക."

മറ്റൊരുത്തനെ തന്നേക്കാൾ ശ്രേഷ്ഠനായി കരുതിക്കൊള്ളണമെന്ന പ്രബോധനം ചിലരെ ആകുലപ്പെടുത്തുന്നു. സഹ ക്രിസ്ത്യാനിയെ നോക്കി ഒരാൾ പറയും, "ഞാൻ എന്തിന് അയാളെ എന്നേക്കാൾ ശ്രേഷ്ഠൻ എന്നു കരുതണം? അവന് എന്റെയത്ര വിദ്യാഭ്യാസം ഇല്ല ... അല്ലെങ്കിൽ താലന്തില്ല ... അല്ലെങ്കിൽ കൂടുതൽ പ്രാഗത്ഭ്യമില്ല, ... കാഴ്ച്ചക്കുമില്ല, ശക്തനല്ല, കൂടുതൽ ഭക്തിയുമില്ല!" ഇത്തരത്തിൽ വിവേചിക്കുന്നവർ വേദഭാഗത്തിന്റെ അർത്ഥം നഷ്ടമാക്കുകയാണ്. മറ്റൊരുത്തൻ നിങ്ങളേക്കാൾ ശ്രേഷ്ഠൻ *ആണ്* എന്നല്ല ആ വാക്യം പറയുന്നത്; അവിടെ പറയുന്നത് നിങ്ങൾ അയാളെ അങ്ങനെ *കണക്കാക്കണം* എന്നാണ്. സന്ദർഭം വ്യക്തമാക്കുന്നത് അയാളുടെ ആവശ്യങ്ങൾ നമ്മുടേതിനേക്കാൾ പ്രാധാന്യമുള്ളതായി കാണണം എന്നാണ്. ഏൾ എഫ്. പാൽമർ പറഞ്ഞത് "പൗലൊസ് വെളിപ്പെടുത്തിയത് ഒന്നാം നൂറ്റാണ്ടിലെ പ്രയോഗമാണ്, അതിന്റെ നല്ല തർജിമ 'വരിയിൽ നിങ്ങൾക്ക് മുൻപായി മറ്റൊരാളെ നിർത്തുക എന്നാണ്.' "[9]

ഈ വാക്കുകളോടെയാണ് നമ്മുടെ വേദഭാഗം അവസാനിപ്പിക്കുന്നത്: **ഓരോരുത്തൻ സ്വന്ത ഗുണമല്ല, മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം**. സ്വന്തം കാര്യങ്ങൾ നിയമപരമായി ചെയ്യുവാൻ നമ്മെ ബൈബിൾ പഠിപ്പിക്കുന്നുണ്ട് (മത്താ. 22:39; എഫെ. 5:28, 29), പക്ഷെ, നാം സ്വയം–കേന്ദ്രീകൃതമായ അവസ്ഥയിലേക്ക് മാറാതെ നോക്കണം. നാം മറ്റുള്ളവരുടെ ആവശ്യങ്ങളോട് മൃദു സമീപനം ഉള്ളവരായിരിക്കണം. വാക്യം 3 ലേയും 4 ലേയും നിർദ്ദേശങ്ങൾ പാലിക്കുവാൻ പ്രയാസമാണ്. സ്വയം ചിന്തിക്കാതിരിക്കുക എന്നത് പ്രയാസമുള്ള കാര്യമാണ്.

## പ്രായോഗികത

### ഐക്യത (2:1–4)

ഐക്യതയുടെ പ്രാധാന്യം സാർവ്വലൗകികമായി അംഗീകരിക്കപ്പെട്ടതാണ്. ഐക്യത ആവശ്യമാണെന്ന് രാജനീതിനിപുണന്മാർ സമ്മതിക്കും. 1769 ൽ, ജോൺ ഡിക്സൺ[10] തന്റെ സഹ പൗരന്മാരോട് അപേക്ഷിച്ചു, "അമേരിക്കക്കാരെല്ലാം ധീരതയോടെ ഒന്നിച്ചു കൈകോർക്കുക! യോജിച്ചാൽ നാം നിൽക്കും, ഭിന്നിച്ചാൽ നാം വീഴും." ഈ സത്യത്തെ സൈന്യ തന്ത്രജ്ഞരെല്ലാം

അനുകൂലിക്കും. പുരാതനമായ ഒരു നീതി വാക്യം പറയുന്നത് "വിഭജിച്ചു കീഴ്പ്പെടുത്തുക."[11] മതത്തിലും ഐക്യത അനിവാര്യമാണ്. തന്റെ അനുയായികൾ ഒന്നായി തീരുവാൻ യേശു പ്രാർത്ഥിച്ചു (യോഹ. 17:20–23) ഈ പൊതുവായ സത്യം പറഞ്ഞു: "ഒരു രാജ്യം തന്നിൽ തന്നെ ഛിദ്രിച്ചാൽ ആ രാജ്യം നിലനിൽക്കുകയില്ല" (മർ. 3:24).

**മറ്റുള്ളവർക്കാണ് കൂടുതൽ പ്രാധാന്യം (2:3)**

വാക്യം 3 ന്റെ അവസാന ഭാഗം വായിച്ചപ്പോൾ, എനിക്ക് എന്റെ രക്ഷകർത്താക്കളെ ഓർമ്മ വന്നു. എന്റെ സഹോദരൻ കോയും ഞാനും ജനിച്ചത് സാമ്പത്തിക മാന്ദ്യം നേരിട്ട സമയത്തായിരുന്നു. ഞങ്ങളുടെ അമ്മയും അപ്പനും പണം കുറവായിരുന്നിട്ടും ഞാനും കോയും പഴവർഗങ്ങളും പച്ചക്കറികളും കഴിച്ച് ആരോഗ്യമുള്ളവരായി തീരുവാൻ, അവർ ചിലപ്പോൾ ഒന്നും കഴിക്കാതെ ഇരുന്നിട്ടുണ്ട്. ഞങ്ങൾ അവരേക്കാൾ ശ്രേഷ്ഠതയുള്ളവരാണെന്ന് അവർ കണക്കാക്കിയിരുന്നു–അത് ഞങ്ങൾ വലിയവരോ, ശക്തരോ, അല്ലെങ്കിൽ അവരേക്കാൾ പ്രാഗത്ഭ്യമുള്ളവരോ ആയിട്ടല്ല–പിന്നെയോ അവർ ഞങ്ങളെ സ്നേഹിച്ചതുകൊണ്ടാണ് അങ്ങനെ ചെയ്തത്.

---

കുറിപ്പുകൾ

[1]റിച്ചാർഡ്. ബി. ഗഫിൻ, ജൂനിയർ., *നോട്ട്സ് ഓൺ ഫിലിപ്പിയൻസ്,* ദ എൻഐവി സ്റ്റഡി ബൈബിൾ, എഡി. കെന്നെത്ത് ബാർക്കർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, 1985), 1805. [2]*ദ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ* (ലണ്ടൻ: സാമുവെൽ ബാഗ്സ്റ്റർ & സൺസ്, ലിമിറ്റഡ്., 1971), 329. [3]ജെ. ബി. ലൈറ്റ്ഫുട്ട്, ക്വോട്ടഡ് ഇൻ ജോൺ എ. നൈറ്റ്, വില്യം എം. ഗ്രെയിറ്റ്ഹൗസ്, ആന്റ് ജെ. ഫ്രെഡ് പാർക്കർ, *ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ഫിലെമോൻ*, ബീക്കൺ ബൈബിൾ എക്സ്പൊസിഷൻസ് (കൻസാസ് സിറ്റി, മോ.: ബീക്കൺ ഹിൽ പ്രസ്, 1985), 61. [4]പരിഷ്ക്കർത്താക്കൾ ഉപയോഗിച്ചു വന്ന മുദ്രാവാക്യമായിരുന്നു അത്, പിന്നീട് പുനരേകീകരണ പ്രസ്ഥാന നായകന്മാർ എടുക്കുകയുണ്ടായി. [5]വില്യം ബാർക്ലേ, ദ *ലെറ്റേഴ്സ് ടു ദ ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ആന്റ് തെസലൊണിയൻസ്*, റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1975), 31. [6]ജെറാൾഡ് എഫ്. ഹാവ്ത്രോൺ, *ഫിലിപ്പിയൻസ്*, വേർഡ് ബിബിളിക്കൽ കമെന്ററി, വാല്യം. 43. (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1983), 69. ദ പാഗൻ കൺസെപ്റ്റ്സ് ഓഫ് "ഹുമിലിറ്റി" നമ്മുടെ ഇംഗ്ലീഷ് വാക്ക് "ഹുമിലിയേറ്റ്" എന്നതിന്റെ പ്രതിഫലനമാണ്. [7]ആർ സി. ബെൽ, *സ്റ്റഡീസ് ഇൻ ഫിലിപ്പിയൻസ്* (ആസ്റ്റിൻ, ടെക്സ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ് ഹൗസ്, 1971), 19. [8]ഡബ്ലിയു. ഈ. വൈൻ, ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ന്യൂ ടെസ്റ്റമെന്റ് വേർഡ്സ്, എഡി. ജോൺ ആർ. കോഹ്ലെൻബെർജർ III (മിന്നെപോലിസ്: ബെഥനി ഹൗസ്, പബ്ലിഷേഴ്സ്, 1984), 115. [9]ഏൾ എഫ്.പാൽമർ, ഇന്റഗ്രിറ്റി ഇൻ ഏ വേൾഡ് ഓഫ് പ്രിട്ടെൻസ്: ഇൻസൈറ്റ്സ് ഫ്രം ദ ബുക്ക് ഓഫ് ഫിലിപ്പിയൻസ് (ഡൗണേഴ്സ് ഗ്രോവ് Ill.: ഇന്റർവാഴ്സിറ്റി പ്രസ്, 1992), 90. [10]ജോൺ ഡിക്സൻ (1732–1808) അമേരിക്കൻ കൊൺടിനെന്റൽ കോൺഗ്രസിലെ അംഗവും രാജ്യസ്നേഹത്തെ കുറിച്ച് ലഘുലേഖ എഴുത്തുകാരനുമായിരുന്നു. താഴെ കൊടുത്തിരിക്കുന്ന ഉദ്ധരണി–*ദ ലിബർട്ടി സോങ്ങിൽ* കാണാം–അത് പ്രസിദ്ധീകരിച്ചത് 1768 ലാണ്–ഒരു രാജ്യത്തിലെ പൗരന്മാർ യോജിച്ചിരിക്കേണ്ടതിന്റെ

ആവശ്യത്തെ ആണ് കാണിക്കുന്നത്.

[11]ഇത് ഉദ്ധരിച്ചത് (ലാറ്റിനിൽ) *ഇൻ ദ ആർട്ട് ഓഫ് വാർ* എന്ന പുസ്തകത്തിൽ നിക്കോളോ മക്കിയാവേലി ആണ് (1521). മക്കിയവേലി (1469–1527), ആഘോഷിച്ചത് ഇറ്റാലിയൻ രാഷ്ട്രിയ തിയറിസ്റ്റ് സൈനിക എഴുത്തുകാരനുമായിരുന്നു.